പതിന്നാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 3995     19/03/2018 ൽ മറുപടിക്ക്

## റീസർവ്വെ സംബന്ധിച്ച പരാതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റീസർവ്വെ സംബന്ധിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) റീസർവ്വെ സംബന്ധിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് വേണ്ടി എൽ.ആർ പ്രവർത്തനങ്ങളിലുണ്ടായിരുന്ന വിവിധ ഘട്ടങ്ങൾ ലഘൂകരിച്ച് ഉത്തരവായിട്ടുണ്ട്. തഹസീൽദാർ (ഭൂരേഖ) യുടെ നേതൃത്വത്തിൽ പരാതികൾ സമയബന്ധിതമായി തീർപ്പാക്കി വരുന്നു.റീസർവ്വേ പരാതികളുടെ തീർപ്പാക്കൽ പുരോഗതി ജില്ലാ കളക്ടർ തലത്തിലും ലാന്റ് റവന്യൂ കമ്മീഷണർ തലത്തിലും അവലോകനം നടത്തുന്നുണ്ട്. |
| (ബി) 26.8.2017 ൽ പുറത്തിറക്കിയ ഉത്തരവനുസരിച്ചുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) കേരള സർവ്വേ ആന്റ് ബൗണ്ടറി റൂൾസിലെ ലാന്റ് റിക്കോർഡ്സ് മെയിന്റനൻസുമായി ബന്ധപ്പെട്ട് സർവ്വേ സൂപ്രണ്ടിന് ഉണ്ടായിരുന്ന അധികാരം ഹെഡ് സർവ്വേയർക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ ഇത് റീസർവ്വേ സംബന്ധിച്ച പരാതികൾ എളുപ്പത്തിൽ തീർക്കുവാൻ എത്രമാത്രം സഹായകമായി എന്ന് വെളിപ്പെടുത്തുമോ ; | (സി) ഉണ്ട്.<br>ഫയലുകൾ ജില്ലാ സർവ്വേ സൂപ്രണ്ടിന് കൈമാറി അംഗീകരിച്ച വരുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ സാധിച്ചിട്ടുണ്ട്. ഇത് ഫയലുകൾ വേഗത്തിൽ തീർപ്പാക്കുവാൻ സഹായിക്കുന്നു. റീസർവ്വേ പരാതികൾ സംബന്ധിച്ചുള്ള എല്ലാ നടപടികളും നിലവിൽ താലൂക്ക് ഓഫീസിൽ തന്നെ സ്വീകരിച്ച വരുന്നത് മൂലം പൊതുജനങ്ങൾക്കുണ്ടായിരുന്ന ബുദ്ധിമുട്ടും വളരെയധികം കുറഞ്ഞിട്ടുണ്ട്. |
| (ഡി) റീസർവ്വെ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ